-: ഭരണഭാഷ - മാതൃഭാഷ :-


# ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) പത്തനംതിട്ട

സിവിൽ സ്റ്റേഷൻ നാലാം നില, പത്തനംതിട്ട – **689 645**

ഫോൺ:-0468-2222642, ഇ-മെയിൽ:-dmohpathanamthitta@gmail.com


നമ്പർ.ബി.1-5639/25 തീയതി:- 15.10.2025

## ദർഘാസ് പരസ്യം

**ദർഘാസ് നമ്പർ.3/24-25**

2025-26 വർഷത്തിൽ ശബരിമല മണ്ഡലപൂജ-മകരവിളക്ക് തീർത്ഥാടനത്തിനോട് അനുബന്ധമായി ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ ബോധവൽക്കരണം നല്കുന്നതിനായി വിവിധതരം ബോർഡുകൾ തയ്യാറാക്കി പമ്പ മുതൽ ശബരിമല സന്നിധാനം വരെയും ജില്ലയിലെ വിവിധ ഇടത്താവളങ്ങളിൽ സ്ഥാപിക്കുന്നതിനും ശബ്ദസന്ദേശം തയ്യാറാക്കുന്നതിനും അംഗീകൃത നിർമ്മാതാക്കൾ/വിതരണക്കാരിൽ നിന്നും മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങൾക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ഉൾപ്പെടെ ആവശ്യ സാക്ഷ്യപത്രങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്നവർക്ക് ദർഘാസ് ഉറപ്പിക്കുന്നതും 3 ദിവസങ്ങൾക്കകം ₹ 200/- രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതും, അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി നിക്ഷേപമായി ലഭ്യമാക്കേണ്ടതുമാണ്.

| | | |
|---|---|---|
| അടങ്കൽ തുക | - | ₹ 2,60,000/- |
| ഫാറ വില | - | ₹ 520/- |
| ജി.എസ്.ടി | - | ₹ 100/- |
| ആകെ ഫാറ വില | - | ₹ 620/- |
| നിരതദ്രവ്യം | - | ₹ 6500/- |
| ടെണ്ടർ ഫാറം വിൽപ്പന ആരംഭിക്കുന്ന തീയതി | - | 16.10.2025, രാവിലെ 10 മണി |
| ടെണ്ടർ ഫാറം വിൽക്കുന്ന അവസാന തീയതി | - | 30.10.2025, ഉച്ചയ്ക്ക് 3 മണി |
| ടെണ്ടർ ഫാറം തിരികെ സ്വീകരിക്കുന്ന അവസാന തീയതി | - | 31.10.2025, ഉച്ചയ്ക്ക് 12 മണി |
| ദർഘാസ് തുറക്കുന്ന തീയതി | - | 31.10.2025, ഉച്ചയ്ക്ക് 2.00 മണി |

രേഖപ്പെടുത്തിയ നിരക്കുകൾക്ക് 2026 ജനുവരി 20 വരെ പ്രാബല്യമുണ്ടായിരിക്കുന്നതാണ്. ടെണ്ടർ സമർപ്പിക്കുന്ന കവറിനു മുകളിൽ ദർഘാസ് നമ്പർ രേഖപ്പെടുത്തേണ്ടതാണ്. അപൂർണ്ണവും നിരതദ്രവ്യമില്ലാത്തതുമായ ടെണ്ടറുകൾ നിരസിക്കുന്നതാണ്. ടെണ്ടറുകൾ മാറ്റിവെയ്ക്കുന്നതിനോ, റദ്ദാക്കുന്നതിനോ, നിരസിക്കുന്നതിനോ ജില്ലാ മെഡിക്കൽ ആഫീസർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. സ്റ്റോർ പർച്ചേസ് ചട്ടങ്ങളിൽ പ്രതിപാദിക്കുന്ന നിയമങ്ങൾ മേൽ ടെണ്ടറിന് ബാധകമാണ്.

കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി സമയത്ത് ജില്ലാ മെഡിക്കൽ ആഫീസിലെ 0468-2222642 എന്ന ടെലഫോൺ നമ്പരിൽ ബന്ധപ്പെടുകയോ, ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റ് പരിശോധിക്കാവുന്നതുമാണ്. (www.dhs.kerala.gov.in/tenders)

Signed by
Anitha Kumary L
Date: 15-10-2025 14:01:24

**ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം)**
**പത്തനംതിട്ട**

പകർപ്പ്

1) വെബ്സൈറ്റ്, ആരോഗ്യവകുപ്പ് ഡയറക്ട്രേറ്റ്, തിരുവനന്തപുരം
2) നോട്ടീസ് ബോർഡ്, ജില്ലാ മെഡിക്കൽ ആഫീസ്, പത്തനംതിട്ട
3) നോട്ടീസ് ബോർഡ്, കളക്ടറേറ്റ്, പത്തനംതിട്ട
4) നോട്ടീസ് ബോർഡ്, ആരോഗ്യകേരളം, പത്തനംതിട്ട
5) ബി.2/ഡി.3 സെക്ഷനുകൾക്ക് (ടെണ്ടർഫോം വിതരണം നടത്തുന്നതിനും, ആയതിന്റെ തുക വാങ്ങുന്നതിനും)
6) ഫയൽ/സ്റ്റോക്ക് ഫയൽ